# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/13/2017 പത്രക്കുറിപ്പ് 2017 ജനുവരി 18

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എ(ക്രിമിനോളജി) എൽ.എൽ.ബി(ഓണേഴ്സ്)/ബി.കോം എൽ.എൽ.ബി(ഓണേഴ്സ്)/ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ്)-(2015 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഫിബ്രുവരി 2 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത അപേക്ഷാഫീസിനു പുറമേ അടക്കണം. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**സൂക്ഷ്മ പരിശോധന**

2016 ഏപ്രിലിൽ നടത്തിയ എം.ബി.എ ഓഫ് കാമ്പസ് പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ജനുവരി 24-ാം തീയതിക്കുള്ളിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുമായി പരീക്ഷാ ഭവനിലെ ഇ.ജെ-2 സെക്ഷനിൽ (226-ാം റൂം) എത്തേതാണ് .

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ 4-ാം സെമസ്റ്റർ എം.എ ഹിന്ദി സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 30 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ 2-ാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ജനുവരി 31 വരെ സ്വീകരിക്കും.

2016 ജനുവരിയിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.റ്റി.എസ് (മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 25 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ 4-ാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് & ഫാഷൻ പി.ജി.സി.എസ്.എസ് (റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 27 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ 4-ാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പത്തനംതിട്ട കാതലിക്കേറ്റ് കോളേജിലെ നിമൽ ദേവസ്സ്യ, രശ്മി രാജു, അഞ്ജന.ജെ.നായർ, ശ്രീരാജ്.കെ.എ, നീതു.കെ, റ്റിജു തോമസ്സ് എന്നിവർ യഥാക്രമം ഒന്നു മുതൽ ആറു വരെ സ്ഥാനങ്ങൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 30 വരെ സ്വീകരിക്കും.

പുനർമൂല്യനിർണയ ഫലം

2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധപ്പെടുത്തി. മാർക്ക് വ്യത്യാസം ഉള്ള വിദ്യാർത്ഥികൾ റീവാല്യുവേഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട സെക്ഷനിൽ സമർപ്പിക്കണം.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർ ദേശീയ പ്രഭാഷണം ഇന്ന് .

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഇന്ന് (ജനുവരി 19) ഉച്ചയ്ക്ക് 3.30 ന് സ്ക്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വച്ച് അന്തർ ദേശീയ പ്രഭാഷണം നടത്തുന്നു. ലോക പ്രശസ്ത സ്വതന്ത്ര പോളിമർ കെമിസ്റ്റും, എഞ്ചിനിയറിംഗ് വിദഗ്ദ്ധയും, മലേഷ്യയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി - മാരാ യിലെ പ്രൊഫസറും, ഡോ : സാബു തോമസ്സിന്റെ അന്തർദേശീയ സഹപ്രവർത്തകയുമായ പ്രൊഫ : സക്കിയ അഹമ്മദ് ''സിവിൽ എഞ്ചിനിയറിംഗും മെറ്റീരിയൽ സയൻസും, സാധ്യതകളും''എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തും. വിശദ വിവരങ്ങൾക്ക് : 9447149547, ഇ.മെയിൽ : **josejameskudathala@gmail.com.**

വോക്ക് ഇൻ ഇന്റർവ്യൂ

കോട്ടയം തലപ്പാടി, അന്തർ സർവ്വകലാശാല ബയോമെഡിക്കൽ ഗവേഷണകേന്ദ്രത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് വോക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ബിരുദധാരികളും, സർക്കാർ/സർവ്വകലാശാലകളിൽ മൂന്നു വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 25 ന് രാവിലെ അസ്സൽ പ്രമാണങ്ങളുമായി ഗവേഷണകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്

ത്രിദിന സെമിനാർ ക്യമ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയറിന്റെ ആഭിമുഖ്യത്തിൽ, 'മതേതര മാനവികത, മതം, സംവാദം' എന്ന വിഷയത്തിൽ ത്രിദിന സെമിനാർ ജനുവരി 20-23, 2017. വൈവിധ്യമേറിയ മത സംസ്കൃതികളും ആധുനിക മതേതര ദർശനങ്ങളും തമ്മിലുള്ള ക്രിയാത്മകമായ സംവാദം എങ്ങിനെ ജനാധിപത്യ മൂല്യങ്ങളെയും സാമൂഹ്യ സൗഹാർദ്ദത്തെയും ശക്തീകരിക്കും എന്നതായിരിക്കും മുഖ്യ ചർച്ച. ഉദ്ഘാടന സമ്മേളനം ജനുവരി 20 വെള്ളിയാഴ്ച 10.30 ന് എം.ജി കാമ്പസിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ. ഉദ്ഘാനവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പുസ്തക പ്രകാശനവും നടത്തും. മുൻ രാജ്യസഭാംഗം ശ്രീ. പി. രാജീവ് വിഷയാവതരണവും മുൻ കാലടി സംസ്കൃത സർവ്വകലാശാല വൈസ്ചാൻസിലർ ഡോ : കെ.എസ്.രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണവും നടത്തും. പ്രോ. വൈസ് ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ, സിൻഡിക്കേറ്റ് അംഗം ശ്രീ. കെ. ഷെറഫുദ്ദീൻ, രജിസ്ട്രാർ ശ്രീ. എം.ആർ.ഉണ്ണി, ഡോ. റോയി മാത്യൂ, പഠനപീഠം അദ്ധ്യക്ഷൻ ഫാ. ഡോ. കെ.എം.ജോർജ്, ഡോ വർഗീസ് മണിമല തുടങ്ങിയവർ പ്രസംഗിക്കും.

പിന്നീട് പേരൂർ കാസാമരിയ കോൺഫറൻസ് സെന്ററിൽ നടക്കുന്ന തുടർ ചർച്ചകളിൽ ജസ്റ്റിസ് അലക്സാണ്ടർ തോമസ്, ഡോ : ഇർഫാൻ എഞ്ചിനിയർ, ഡോ : എഡ്വഡ് ആലം, സ്വാമി ഹരിപ്രസാദ്, ഡോ : പനീർ സെൽവം, ഫാ. തോമസ് വർഗീസ് ചവടിയിൽ, ഡോ : എം.എൻ.കാരശ്ശേരി, ഡോ.

ഹരി ലക്ഷ്മിന്ദ്രകുമാർ, റാബി എസക്കിയേൽ തുടങ്ങിയവർ നേതൃത്വം കൊടുക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 94475 98671

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)